**കേരള സർക്കാർ**

നം.55138/ഡിബി1/11/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി : 2/11/2011

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്: ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി-ഷീറ്റിട്ട് പൂർത്തീകരിച്ച വീടുകൾക്ക് പദ്ധതി ഗഡു അനുവദിക്കുന്നതിന് സ്പഷ്ടീകരണം -സംബന്ധിച്ച്.

സൂചന: സ.ഉ (എം.എസ്) നം. 199/08/തസ്വഭവ തീയതി. 11/7/2008

സംസ്ഥാനത്തെ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി. ഈ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് സർക്കാർ ഒട്ടേറെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് അസ്ബറ്റോസ് മേൽക്കൂര പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച പല വീടുകളും ഷീറ്റുപയോഗിച്ച് പൂർത്തീകരിച്ചതിനാൽ ശേഷിക്കുന്ന പദ്ധതി ഗഡു വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഇ.എം.എസ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭിച്ച് നിർമ്മിച്ച വീടുകൾക്ക് ടിൻ/അലുമിനിയം ഷീറ്റിട്ട് പൂർത്തീകരിച്ച് വാസയോഗ്യമാക്കിത്തീർത്ത ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ശേഷിക്കുന്ന ഗഡു തുക നൽകാവുന്നതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കൂടാതെ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി ഇപ്പോൾ നിലവിലുള്ള ലിസ്റ്റിൽ ഇനിയും ആനുകൂല്യം നൽകാൻ ഗുണഭോക്താക്കൾ ബാക്കിയുള്ളതിനാൽ സമയലഭ്യതയനുസരിച്ച് ആയത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും